# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5710 03.11.2016-ൽ മറുപടിക്ക്

## കണ്ടൽ കാട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| കടലാക്രമണത്തിൽനിന്ന് രക്ഷനേടുവാൻ കണ്ടൽ കാട്ടുകൾ വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കാമോ? | കടലാക്രമണത്തിൽനിന്ന് രക്ഷനേടുന്നതിനുവേണ്ടി കടൽത്തീരത്തും അഴിമുഖത്തും നടുന്നതിനായി കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് പൊതു ജനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്തു വരുന്നു. കണ്ടൽച്ചെടികൾ വളർത്തി പരിപാലിക്കുന്നതിന് ഭൂവുടമകൾക്ക് പ്രോത്സാഹന സഹായവും നൽകിവരുന്നുണ്ട്. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ പൊഴിയോരങ്ങളിലും കടൽത്തീരത്തും കണ്ടൽവെച്ചുപിടിപ്പിക്കുന്നതിന് ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കി ആലപ്പുഴ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-ൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം 5000 കണ്ടൽതൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കടലാക്രമണത്തിൽ നിന്നും രക്ഷ നേടുവാൻ കണ്ടൽച്ചെടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ജൈവവേലി രൂപപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. കണ്ടൽ കാടുകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ശില്പശാലകൾ, പരിശീലനക്കളരികൾ സെമിനാറുകൾ തുടങ്ങിയവും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ